**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം :--07.07.2023 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം-അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഉയർന്ന പ്രായ പരിധി 50 വയസ്സാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതും, പഠന വകുപ്പുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഉയർന്ന പ്രായപരിധി 50 വയസ്സ് എന്നത് നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 8131/AD A 2/2023/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 27.07.2023

---

*പരാമർശം:*-1.11.04.2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി) നം. 4/2023/HEDN

2. 07.07.2023 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.: ഒ.എ.27/ 23.04/150824/ADA2-1/2022

**<u>ഉത്തരവ്</u>**

വിവിധ സർവകലാശാലകളിലും, സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായ പരിധി 50 വയസ്സ് ആയി നിശ്ചയിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി കാര്യത്തിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സിൽ ആവശ്യമായ ഭേദഗതി അതാത് സർവ്വകലാശാലകൾ വരുത്തേണ്ടതാണെന്നും, കൂടാതെ സർവ്വകലാശാലകളിലെ അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലെ നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി പൂർണമായും ഒഴിവാക്കുന്നതിനായി യു.ജി.സി. ചട്ടങ്ങൾക്ക് അനുസൃതമായി സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ അതാത് സർവകലാശാല സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

സർവ്വകലാശാല പഠനവകുപ്പുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി നിലവിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ നിശ്ചയിച്ചിട്ടില്ല.സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനം യു. ജി. സി. മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

ആയതിനാൽ, 11.04.2023 തീയതിയിലെ പരാമർശം (1)- ലെ സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കേണ്ടതുണ്ടോയെന്നും ,സർവ്വകലാശാല പഠനവകുപ്പുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നോട്ടിഫിക്കേഷനിൽ ഉയർന്ന പ്രായ പരിധി 50 വയസായി നിഷ്കർഷിക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കുന്നതിനുമായി ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കും തീരുമാനത്തിനുമായി സമർപ്പിക്കുകയുണ്ടായി. ആയതിൽ 07.07.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ്, പരാമർശം 2 പ്രകാരം ചുവടെ കൊടുത്തിരിക്കും വിധം തീരുമാനം എടുക്കുകയുണ്ടായി-

"11.04.2023 തീയതിയിലെ സ.ഉ.(അച്ചടി) നം. 4/2023/HEDN നമ്പർ സർക്കാർ ഉത്തരവ്

Draft #16 of File 150824/AD A2-1/2022/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 26-Jul-2023 04:25 PM - Page 1

സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനും, സർവ്വകലാശാല പഠനവകുപ്പുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നോട്ടിഫിക്കേഷനിൽ ഉയർന്ന പ്രായപരിധി 50 വയസായി നിഷ്കർഷിക്കുന്നതിനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉഷ വി ഡി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ ഡീൻമാർ/ വകുപ്പ് മേധാവികൾ
2. വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി. എസ് -മാർ
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി. എ- മാർ
4. IT Cell/ IQAC/ UNIVERSITY WEBSITE
5.റെക്കോർഡ്സ് സെക്ഷൻ
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #16 of File 150824/AD A2-1/2022/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 26-Jul-2023 04:25 PM - Page 2